**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2831** **13-02-2024 - ൽ മറുപടിയ്ക്ക്**

**ലാന്റ് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേരള മാരിടൈം ബോർഡിനു കീഴിലുള്ള സ്ഥലങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും വേണ്ടി ആരംഭിച്ച ലാന്റ് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിലുള്ള 17 ചെറുകിട തുറമുഖങ്ങളുടെ കീഴിൽ നിരവധി സ്ഥലങ്ങളിലായുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനാണ് കേരള മാരിടൈം ബോർഡിന്റെ കീഴിൽ ലാൻഡ് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുള്ളത്. ഹൈഡ്രോഗ്രാഫിക്ക് സർവ്വെ വിംഗിനു കീഴിൽ പ്രവർത്തിക്കുന്ന, സർവ്വെ ജോലികൾക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങളും സോഫ്റ്റ് വെയറുകളും ജീവനക്കാരും ഉള്ള, Kerala Institute of Hydrographic & Advanced Studies എന്ന സ്ഥാപനത്തെ പദ്ധതി നിർവ്വഹണത്തിൽ ഉൾപ്പെടുത്തി മുന്നോട്ട് പോകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കാസർകോട് ജില്ലയിൽ നിന്നുമാണ് സർവ്വേ ആരംഭിക്കുന്നത്. അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും ഭൂമി കേരള മാരിടൈം ബോർഡിന്റെ പേരിലാക്കുന്നതിനും റവന്യൂ വകുപ്പിന്റെ സേവനം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | 2023-24 ബജറ്റിൽ തുക അനുവദിച്ച ബേപ്പൂർ തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | 2023-24 സാമ്പത്തിക വർഷം ബേപ്പൂർ തുറമുഖ ഡ്രഡ്ജിംഗിനായി 11.80 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും അനുവദിച്ചിട്ടുണ്ട്. ടി തുക ഡെപ്പോസിറ്റ് വർക്കായി ഹാർബർ എൻജിനീയറിങ് വകുപ്പിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പുരോഗമിക്കവേ ലാറ്ററൈറ്റ് പാറകളുടെ സാന്നിധ്യം കണ്ടെത്തിയതിനാൽ 10/10/2023 മുതൽ ഡ്രഡ്ജിംഗ് നിർത്തിവച്ചിരിക്കുകയാണ്. ഹാർഡ് ലാറ്ററൈറ്റ് എടുത്തുമാറ്റുന്ന പ്രവൃത്തി എസ്റ്റിമേറ്റിലോ ടെണ്ടറിലോ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ബാക്കി പ്രവൃത്തി പൂർത്തിയാക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ ഹാർബർ എൻജിനീയറിങ് വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിലേക്കായി ഏകദേശം 81.80 കോടി രൂപ ചെലവ് |

| | | | |
|---|---|---|---|
| | | | പ്രതീക്ഷിക്കുന്നതായി ഹാർബർ എൻജിനിയറിങ് വകുപ്പ് അറിയിച്ചിട്ടുണ്ട്.<br><br>സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രവൃത്തിയായതിനാൽ 50% കേന്ദ്ര സഹായത്തിന് അർഹതയുണ്ട്. ഹാർബർ എൻജിനീയറിങ് വകുപ്പിൽ നിന്നും അന്തിമ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി 50% ഫണ്ട് ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (സി) | കോഴിക്കോട് ബീച്ചിലെ ചെറുകിട കച്ചവടക്കാരെ ലൈസൻസ് നൽകി പുനരധിവസിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (സി) | കോഴിക്കോട് തുറമുഖത്ത് ആലപ്പുഴ, വിഴിഞ്ഞം തുറമുഖങ്ങളിൽ ഉള്ള രീതിയിൽ ചെറുകിട കച്ചവടക്കാർക്ക് ലൈസൻസ് നൽകുന്നതിനായി തൊഴിലാളി പ്രതിനിധികളുമായി കേരള മാരിടൈം ബോർഡ് യോഗം ചേർന്നിട്ടുണ്ട്. കച്ചവടക്കാർ ഫീസ് അടയ്ക്കുന്ന മുറയ്ക്ക് ലൈസൻസ് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | കോഴിക്കോട് പോർട്ട് മറൈൻ ബംഗ്ലാവ് പി. പി. പി. വ്യവസ്ഥയിൽ സ്വകാര്യ സംരംഭകർക്ക് നൽകാൻ മുന്നോട്ടുവെച്ച പദ്ധതിയുടെ അവസ്ഥ വ്യക്തമാക്കാമോ? | (ഡി) | കേരള മാരിടൈം ബോർഡിന്റെ അധീനതയിലുള്ള പോർട്ട് ബംഗ്ലാവ് കെട്ടിടം വികസനങ്ങൾ വരുത്തി ഉപയോഗയോഗ്യമാക്കുന്നതിന് 10/09/2023 ൽ തുറമുഖ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ പങ്കെടുത്ത ഒരു യോഗം പോർട്ട് ബംഗ്ലാവിൽ വച്ച് ചേരുകയും പദ്ധതി രൂപരേഖ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ഇത് സംബന്ധിച്ച് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ കേരള മാരിടൈം ബോർഡിന് നിർദ്ദേശം നല്കിയിട്ടുണ്ട്. മാരിടൈം ബോർഡിന് കീഴിലുള്ള തുറമുഖ ഭൂമിയും കെട്ടിടങ്ങളും മറ്റു വസ്തുവകകളും പിപിപി മാതൃകയിൽ വികസിപ്പിക്കുന്നതിനാവശ്യമായ വിദഗ്ധ സേവനം ഉറപ്പാക്കുവാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പ്രോജക്ട് മാനേജ്മെൻറ് കൺസൾട്ടൻസി വിങ്ങിനെ തിരഞ്ഞെടുക്കാൻ KSEB കൺസൾട്ടൻസി വിംഗിനെ കേരള മാരിടൈം ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ